**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പർ തസ്തികയിൽ ദിവസവേതനത്തിൽ 1999 മുതൽ ജോലി ചെയ്ത് വരുന്ന ശ്രീമതി ആർ. ജയകുമാരിയെ ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 4/ 2020/ തസ്വഭവ തീയതി, തിരുവനന്തപുരം, 02/ 01/ 2020**

---

പരാമർശം : 1. 25. 11. 2005 ലെ സ.ഉ(പി) 501/ 2005/ ഫിൻ

2. ബഹു.കേരളാ ഹൈക്കോടതിയുടെ 05. 08. 2010 ലെ WP(C) 29572/ 2009 നം. വിധിന്യായം

3. ശ്രീമതി. ആർ. ജയകുമാരിയുടെ 02. 06. 2017 ലെ അപേക്ഷ

4. പഞ്ചായത്ത് ഡയറക്ടറുടെ 17. 01. 2018 ലെ P ഇ 9-8656/ 2016 നം. കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിൽ 1998 മുതൽ പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പർ തസ്തികയിൽ ഒഴിവ് വന്ന സാഹചര്യത്തിൽ 26. 11. 1999 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ശ്രീമതി ആർ.ജയകുമാരിയെ 01. 12. 1999 മുതൽ ദിവസവേതനത്തിൽ നിയമിക്കുകയും ടിയാൾ നാളിതുവരെ പ്രസ്തുത ജോലിയിൽ തുടർന്നുവരികയും ചെയ്യുന്നു. ശ്രീമതി.ജയകുമാരിയുടെ നിയമനം ക്രമവൽക്കരിക്കണമെന്നാവശ്യപ്പെട്ട് ചെങ്കൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് അപേക്ഷ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ സമർപ്പിച്ചിരുന്നുവെങ്കിലും ടിയാളുടെ അപേക്ഷകളിൽ അനുകൂല തീരുമാനം ലഭിച്ചിരുന്നില്ല പ്രസ്തുത സാഹചര്യത്തിൽ WP(C) 29572/ 2009 പ്രകാരം ശ്രീമതി. ആർ.ജയകുമാരി ബഹു.കേരളാ ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുകയും പരാമർശം(2)ലെ വിധിന്യായത്തിൽ പരാമർശം (1) ലെ ഉത്തരവിന്റെ പരിധിയിൽ മാർക്കറ്റ് സ്വീപ്പർമാരെ സ്ഥിരപ്പെടുത്തലിന് പരിഗണിക്കാൻ അർഹതയില്ലെങ്കിലും ഒരു വിഭാഗം സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും ഇത് സ്വീപ്പർമാരുടെ സ്ഥിരപ്പെടുത്തൽ സർക്കാരിന്റെ പരിഗണന ആവശ്യമായതിനാലാണെന്നും കൂടാതെ മാർക്കറ്റ് സ്വീപ്പിംഗ് പ്രവൃത്തി ചെയ്യുന്ന ഹർജിക്കാരെ പിരിച്ച് വിട്ടാൽപോലും പ്രസ്തുത ജോലി നിർവഹിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതുതായി ഒരു വിഭാഗം ജീവനക്കാരെ നിയമിക്കേണ്ട സാഹചര്യം സർക്കാർ മുമ്പാകെ നിലനിൽക്കുന്നതിനാൽ എല്ലായിപ്പോഴും ഹർജിക്കാരെപോലുള്ള സ്വീപ്പർമാരുടെ ആവശ്യകതയുണ്ട് എന്നർത്ഥമാകുന്നുവെന്നും ആകയാൽ പരാമർശം (1) സർക്കാർ ഉത്തരവിലെ സ്ഥിരപ്പെടുത്തൽ ആനുകൂല്യം ഹർജിക്കാർക്കും നൽകാമോ എന്ന കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാൻ ബഹു. കോടതി നിർദേശിച്ചു.

ശ്രീമതി. ആർ.ജയകുമാരി ടിയാളെ സ്ഥിരപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു. മാർക്കറ്റ് ശുചീകരണം ഗ്രാമപഞ്ചായത്തിന്റെ അധികാരചുമതലയിൽപ്പെട്ടതാണ്. നിലവിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം

മാർക്കറ്റ് സ്വീപ്പറുടെ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണ്. ശ്രീമതി.ജയകുമാരി 1999 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ടി ജോലി ചെയ്യുന്നു. ടിയാളുടെ നിയമനം ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. മറ്റൊരു ജോലിക്ക് അപേക്ഷിക്കുന്നതിനോ ജോലി സ്വീകരിക്കുന്നതിനോ ടിയാൾക്ക് ഇനി അവസരമില്ല. ടിയാളുടെ സാമ്പത്തിക പരാധീനതകളും കുടുംബപശ്ചാത്തലവും കണക്കിലെടുത്ത് ചെങ്കൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മാർക്കറ്റ് സ്വീപ്പർ തസ്തികയിൽ ടിയാളുടെ നിയമനം ക്രമവൽക്കരിക്കുന്നതിന് സർക്കാർ തലത്തിൽ അനുകൂല തീരുമാനമെടുക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിൽ 1999 മുതൽ മാർക്കറ്റ് സ്വീപ്പറായി ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ശ്രീമതി. ആർ. ജയകുമാരിയെ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ചെങ്കൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പർ തസ്തികയിൽ ഉത്തരവ് തീയതി മുതൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ലെ ബഹു.കേരളാ ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടി.കെ ജോസ്**

**ഗവ. അഡീഷണൽ ചീഫ് സെക്രട്ടറി**

ശ്രീമതി. ആർ. ജയകുമാരി, പാർട്ട് ടൈം മാർക്കറ്റ് സ്വീപ്പർ, ചെങ്കൽ ഗ്രാമപഞ്ചായത്ത്
തിരുവനന്തപുരം ജില്ല. (സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത് മുഖേന)
അഡ്വക്കേറ്റ് ജനറൽ,കേരളം, എറണാകുളം(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.
സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
ധനകാര്യ വകുപ്പ്(DEV-1/208/2018-FIN തീയതി 21.08.2018)
പൊതുഭരണ (എസ്.സി) വകുപ്പ്
ഐ&പിആർഡി -വെബ് & ന്യൂ മീഡിയ
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/103/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Danuja MS

സെക്ഷൻ ഓഫീസർ